"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- തൃശ്ശൂർ ജില്ല- പുന്നയൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 15.07.2022 ലെ 14(1) നമ്പർ തീരുമാനം സ്റ്റേ ചെയ്ത് വിഷയം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 (2) പ്രകാരം ബഹു: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്ത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്

G.O.(Rt)No.353/2023/LSGD തീയതി,തിരുവനന്തപുരം, 07-02-2023

---

പരാമർശം:-

1. പുന്നയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.07.2022 ലെ 14(1), 06.09.2022 ലെ 2(1) നമ്പർ തീരുമാനങ്ങൾ.
2. പുന്നയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12.09.2022 ലെ SEC-1764/2022 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിൽ പുന്നയൂർ ഗ്രാമപഞ്ചായത്തിൽ ദേശീയ പാതയ്ക്കരികിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പ്രവേശനാനുമതി ലഭിച്ചിട്ടില്ലെന്ന കാരണം പറഞ്ഞ് നിർമ്മാണാനുമതി നിഷേധിക്കുന്നത് സംബന്ധിച്ച വിഷയം 15.07.2022 ലെ പഞ്ചായത്ത് ഭരണ സമിതിയോഗത്തിൽ ചർച്ചചെയ്യുകയും 14(1) നമ്പർ തീരുമാനം പ്രകാരം ദേശീയ പാതയുടെ ആക്സ്സ് പെർമിറ്റ് 6 മീറ്റർ ദൂരപരിധി എന്നിവ ബാധകമാക്കാതെ നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചു. എന്നാൽ ദേശീയ പാത മന്ത്രാലയത്തിന്റെ സർക്കുലറുകൾ നിലവിലുള്ളതിനാൽ ടി തീരുമാനം 1994 ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൻമേൽ സ്വീകരിക്കേണ്ടുന്ന നടപടി ക്രമം) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം പുനരവലോകനം ചെയ്യുന്നതിന് സെക്രട്ടറി അറിയിച്ചതിൽ, നിലവിൽ ആക്സ്സ് പെർമിറ്റ് ആവശ്യമുണ്ടെന്ന് കാണിച്ചുള്ള എല്ലാ പെർമിറ്റ് അപേക്ഷകളും കെട്ടിട നമ്പറിനുള്ള അപേക്ഷകളും 30 ദിവസത്തിനകം തീർപ്പാക്കുന്നതിന് പരാമർശം (1) ലെ 06.09.2022 ലെ 2(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് ഭരണ സമിതി നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന് മുൻപായി ഒരു വ്യക്തമായ നിർദ്ദേശം നൽകുന്നതിന് പരാമർശം (2) പ്രകാരം സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹൈവേ ഉപയോഗിക്കുന്നവരുടെ സുരക്ഷ മുൻ നിർത്തി സാങ്കേതികമായി രൂപകൽപ്പന ചെയ്ത കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ

മാനദണ്ഡങ്ങൾ ബാധകമാക്കാതെ നടപടി സ്വീകരിക്കുന്നതിന് ഏകപക്ഷീയമായ ശിപാർശ ചെയ്ത പുന്നയൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ നടപടി നിലനിൽക്കുന്നതല്ല. ആയതിനാൽ ടി തീരുമാനം നിയമാനുസൃതമല്ലായെന്നു കാണുന്നു.

3. മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 15.07.2022 ലെ 14(1), 06.09.2022 ലെ 2(1) നമ്പർ തീരുമാനങ്ങൾ കേരളാ പഞ്ചായത്ത് രാജ് നിയമം 191(4) പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് സ്റ്റേ ചെയ്തിരിക്കുന്നു. വിഷയം കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 191 (2) പ്രകാരം ബഹു: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന് റഫർ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LIZYMOL E
DEPUTY SECRETARY

1. സെക്രട്ടറി, ബഹു:തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (മുകളിൽ പരാമർശിച്ച പ്രമാണങ്ങൾ സഹിതം ആമുഖ കത്തോടുകൂടി).
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. സെക്രട്ടറി പുന്നയൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.
4. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.)
5. കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Suja S K
സെക്ഷൻ ഓഫീസർ
Date: 07-02-2023 16:54:54